# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ -ഇ.കെ.എം(ബിപി )1000/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 04/09/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം
2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), എറണാകുളം
3)കാര്യാലയപകർപ്പ്

നമ്പർ: കെ.എസ്.എ -ഇ.കെ.എം(ബിപി )1000/2023 തീയ്യതി: 04/09/2023

# എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-06-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാംകുട്ടി.റ്റി.എൽ | ജോയിന്റ് ഡയറക്ടർ | 20-06-2023 | 27-06-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-06-2023 | 27-06-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

കുമാരി.സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.കവിത എസ് കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഹരീഷ്.പി.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അൻവർ അലി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.സതി.കെ.വി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.അനിത.എൻ.ഷേണായി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി വെങ്ങോല | 01-04-2022 | 01-12-2022 |
| ഡോ.അനൂപ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി വെങ്ങോല | 01-12-2022 | 31-03-2023 |
| ഡോ.മോഹനചന്ദ്രൻ.എ.പി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മലയിടംതുരുത്ത് | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷൈനി.സി.വി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജയന്തി പി നായർ | ശിശു വികസന പദ്ധതി ഓഫീസർ, വാഴക്കുളം(അഡീഷണൽ) ആലുവ | 01-04-2022 | 31-03-2023 |
| ശ്രീമതി.സുജ ജേക്കബ് | ശിശു വികസന പദ്ധതി ഓഫീസർ, വാഴക്കുളം | 01-04-2022 | 31-03-2023 |
| ശ്രീമതി.സിന്ധു.വി | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷൈമാബീവി.പി.കെ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.സുജിത്ത്.പി.രാഘവൻ | ക്ഷീരവികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഫാൻസി പരമേശ്വരൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.നിലോഫർ എം വി | അസിസ്റ്റന്റ് എഞ്ചിനീയർ(അഡീഷണൽ ചാർജ്) | 01-04-2022 | 29-07-2022 |

| | | | |
|---|---|---|---|
| ശ്രീമതി ബിൻസി വി | അസിസ്റ്റന്റ് എഞ്ചിനീയർ | 30-07-2022 | 15-09-2022 |
| ശ്രീ മുഹസിൻ പി എം | അസിസ്റ്റന്റ് എഞ്ചിനീയർ | 16-09-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | തനത് ഫണ്ട് ബാലൻസ് തുക ബാങ്ക് അക്കൌണ്ട് ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ബാധ്യത തുകകളുടെ കൃത്യത ഉറപ്പാക്കുന്നില്ല. | 1-1-3 |
| 5 | ഹെൽത്ത് ഗ്രാന്റ് എ സി ആർ തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം) | 1-3 |
| 9 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 10 | സർക്കാർ ഗ്രാന്റ് -ലക്ഷങ്ങൾ ലാപ്സായി | 1-4-1 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതിക**ൾ** | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുക**ൾ** നടത്തിയതിന്റെ വിവരം | 1-10 |
| 17 | തനത് ഫണ്ട് | 1-11 |
| 18 | പട്ടികജാതി വികസന ഓഫീസ**ർ** നി**ർ**വ്വഹണോദ്യോഗസ്ഥനായ പ്രോജക്റ്റുകളിലെ അപാകതക**ൾ** | 1-12 |
| 19 | സ്മാ**ർ**ട്ട് അംഗ**ൻ**വാടി പ്രോജക്റ്റ് – അപാകതക**ൾ** | 1-13 |
| 20 | ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -പ്രിന്റർ ലഭ്യമായില്ല | 1-14 |
| 21 | സി.എച്ച്.ആർ.ഡി ഹോസ്റ്റ**ൽ** നി**ർ**മ്മാണത്തിന് തുക കൈമാറൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-15 |
| 22 | ഐ.കെ.എം വിഹിതം നല്ക**ൽ** | 1-15-1 |
| 23 | സെക്കണ്ടറി പാലിയേറ്റീവ് കെയ**ർ** പദ്ധതി (സി.എച്ച്.സി മലയിടംതുരുത്ത്)- ന്യൂനതക**ൾ** | 1-16 |
| 24 | മരുന്നുവാങ്ങ**ൽ** - അപാകതകൾ (മലയിടംതുരുത്ത് സി.എച്ച്.സി) | 1-17 |

| | | |
|---|---|---|
| 25 | മരുന്ന് വാങ്ങൽ-വെങ്ങോല സി.എച്ച്.സി | 1-17-1 |
| 26 | ഹെൽത്ത് ഗ്രാന്റ്- അപാകതകൾ | 1-18 |
| 27 | വെള്ളാരംകുഴി കുടിവെള്ള പദ്ധതി | 1-19 |
| 28 | പങ്കിമല SC കോളനി കുടിവെള്ള പദ്ധതി -അപാകതകൾ | 1-20 |
| 29 | ടേക്ക് എ ബ്രേക്ക് പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-21 |
| 30 | റോഡ് നിർമ്മാണ പ്രവൃത്തിയിലെ അപാകതകൾ | 1-22 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 31.05.2023 ലെ കമ്മിറ്റി തീരുമാനം 1/1 പ്രകാരം തയ്യാറാക്കി 03.06.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:

തീയതി:

ജോയിന്റ് ഡയറക്ടർ

## 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക പത്രികയിൽ ഉൾപ്പെടുത്തേണ്ടതായ പത്രികകളായ റേഷ്യോസ്, കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല.

1-1-2 തനത് ഫണ്ട് ബാലൻസ് തുക ബാങ്ക് അക്കൌണ്ട് ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

തനത് ഫണ്ട് ബാലൻസ് തുക ബാങ്ക് അക്കൗണ്ട് ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല. (B7-Deposits Received – ₹10,14,692/-, B8-other Liabilities ₹11,56,638/- ആകെ തുക ₹21,71,330/-. എന്നാൽ തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് ബാലൻസ് തുക ₹17,79,000/-)

1-1-3 ബാധ്യത തുകകളുടെ കൃത്യത ഉറപ്പാക്കുന്നില്ല.

B8-other Liabilities ഹെഡിൽ ₹10,30,638/- B8-other Liabilities - Refund Of Unutilised Fund എന്ന ഇനത്തിൽ ചേർത്തിട്ടുണ്ട്. ഈ തുകയുടെ ഇനം തിരിച്ചുള്ള വിശദാംശം പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

1-1-4 ഹെൽത്ത് ഗ്രാന്റ് എ സി ആർ തുകയുമായി പൊരുത്തപ്പെടുന്നില്ല

Health Grant വരവായി ആകെ ₹25,50,00/- ലഭിച്ചു. ACR – ൽ (-)₹4,06,144/- യാണ് ചെലവു തുകയായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ₹3,32,705/- സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്റ്റിനായി ചെലവഴിച്ച തുകയാണ്. ബാക്കി തുക ₹73,441/- അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണം ചെയ്ത പ്രോജക്റ്റിനായി (പ്രോജക്റ്റ് നം 163/22-23) ചെലവഴിച്ച തുകയാണ്. (-) Fund എ സി ആർ ൽ ഉൾപ്പെടുത്തിയിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കിയില്ല.

1-1-5 രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

Advance Register, Deposit Register എന്നീ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1-2 ബജറ്റ്

2022-23 ലെ ബജറ്റ് 26.03.2022 തീയതിയിലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് (₹) | ചെലവ് (₹) |
|---|---|---|
| ബജറ്റ് പ്രകാരം | 27,75,10,521 | 27,62,15,072 |
| ധനകാര്യപത്രിക പ്രകാരം | 8,27,66,315 | 7,90,93,842 |

ബജറ്റ് പ്രകാരമുള്ള വരവും-ചെലവും, വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവും-ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസമുണ്ട്. ഗ്രാമ പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രതീക്ഷിത വരവ്-ചെലവ് കൂടി ബ്ലോക്ക് പഞ്ചായത്തിന്റെ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനാലാണ് ഇത്തരത്തിൽ ഗണ്യമായ വ്യത്യാസമുണ്ടാകുന്നത്. ഇക്കാര്യം പരിശോധിച്ച് ബജറ്റിലെ വരവ്-ചെലവ് കണക്കുകൾ വസ്തുതാപരമായി കൃത്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹ 1,48,05,847 |
| വരവ് | ₹ 8,27,66,315 |
| ആകെ | ₹ 9,75,72,162 |
| ചെലവ് | ₹ 7,90,93,842 |
| നീക്കിയിരിപ്പ് | ₹ 1,84,78,320 |

1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ് പ്രകാരം വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവഴിക്കാതെ ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | | 32692812 | 32692812 | 28518552 | | 4174260 |
| വികസനഫണ്ട്-എസ്.സി.പി | | 17396188 | 17396188 | 12609134 | | 4787054 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട്-ടി.എസ്.പി | | 304000 | 304000 | 235839 | | 68161 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | | 7943000 | 7943000 | 6533308 | | 1409692 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Tied (ട്രഷറി) | 0 | 1279329 | 1279329 | 1118710 | 0 | 160619 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Tied (ബാങ്ക്) | 3813211 | 7931000 | 11744211 | 6044819 | 5699392 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Un Tied (ട്രഷറി) | 0 | 1110926 | 1110926 | 990964 | 0 | 119962 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Un Tied (ബാങ്ക്) | 1331103 | 5623820 | 6954923 | 3651815 | 3303108 | 0 |
| കേന്ദ്രാവിഷ്കൃതം-IAY -ജനറൽ (320100110) | 4346453 | 0 | | 2813840 | 1532613 | |
| കേന്ദ്രാവിഷ്കൃതം-IAY -എസ്.സി.പി (320100111) | 2206628 | 68000 | 2274628 | 1252886 | 1021742 | |
| കേന്ദ്രാവിഷ്കൃതം-ടി.എസ്.സി (320100115) | 404287 | 16420 | 420707 | 649 | 420058 | |
| കേന്ദ്രാവിഷ്കൃതം-Other Grants (320100299) | 5028 | 90180 | 95208 | 90180 | 5028 | |
| സംസ്ഥാനാവിഷ്കൃതം. സാക്ഷരത (320200309) | 359353 | 9801 | 369154 | 0 | 369154 | |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് (320400199) | 25600 | 0 | 25600 | 0 | 25600 | |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് (320800199) | 515437 | 0 | 515437 | 515437 | 0 | |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് (PMAY)(320300199) | 0 | 2455069 | 2455069 | 388959 | 2066110 | |
| ഹെൽത്ത് ഗ്രാന്റ് (320100205) | 0 | 2550000 +(44246/--പലിശ) | 2594246 | 332703 | 2261543 | |

കുറിപ്പ്: –

*നോൺ റോഡ് ഗ്രാന്റ് ചെലവ്-വാർഷികകണക്കുമായി ₹58680/-യുടെ വ്യത്യാസം-

പ്രോജക്ട് നം-77/23 – ഫാർമസിസ്റ്റിന് വേതനം(₹13600/-), പ്രോജക്ട് നം-120/23 – താത്ക്കാലിക ഡോക്ടർക്ക് വേതനം (₹45080/-) എന്നീ ചെലവുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ധനകാര്യകമ്മീഷൻ ഗ്രാന്റ്:

എ)ബാങ്ക് സ്റ്റേറ്റ്മെന്റ്, 2021-22 വർഷത്തെ ധനകാര്യപത്രിക എന്നിവയനുസരിച്ച് മുൻവർഷത്തെ നീക്കിയിരുപ്പ് യഥാർത്ഥത്തിൽ ₹5144314/-യാണ്.
ബി)അലോട്ട്മെന്റിന്റെ കൂടെ മുന്നിരിപ്പ് തുക കൂട്ടിയാണ് ആകെ വരവ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ സി.എഫ്.സി ഗ്രാന്റുകളുടെ തൻ വർഷത്തെ ചെലവ്, ലാപ്സായ തുക എന്നിവ എ.സി.ആറുമായി പൊരുത്തപ്പെടുത്തി കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

### 1-4-1 സർക്കാർ ഗ്രാന്റ് -ലക്ഷങ്ങൾ ലാപ്സായി

| ഫണ്ട് ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ചെലവ് (₹) | ലാപ്സായ തുക (₹) | ചെലവ്% |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 32692812 | 28518552 | 4174260 | 87% |
| പ്ലാൻ (SCP) | 0 | 17396188 | 12609134 | 4787054 | 72% |
| പ്ലാൻ (TSP) | 0 | 304000 | 235839 | 68161 | 78% |

| | | | | | |
|---|---|---|---|---|---|
| CFC (BASIC ) | 0 | 6398926 | 4590657 | 1808269 | 72% |
| CFC (TIED) | 0 | 9210329 | 7061194 | 2149135 | 77% |
| റോഡിതരം (MG) | 0 | 7943000 | 6533308 | 1409692 | 83% |
| ആകെ | 0 | 73945255 | 59548684 | 14396571 | 81% |

എ.സി.ആർ അനുസരിച്ചുള്ള ഫണ്ട് വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ആയത് പ്രകാരം തൻവർഷം ലഭ്യമാക്കിയ 7.39 കോടിയിൽ 5.95 കോടി ചെലവഴിക്കപ്പെട്ടു. ₹53,94,071/- ലാപ്സായി (സി.എഫ്.സി ഗ്രാന്റ് അക്കൌണ്ടിലെ നീക്കിയിരുപ്പ്- ₹90,02,500/- കിഴിച്ചിട്ടുള്ള തുകയാണ് ലാപ്സായതായി സൂചിപ്പിച്ചിട്ടുള്ളത്). ഇവയിൽ വികസനഫണ്ട് (ജനറൽ, SCP), CFC ഗ്രാന്റ് തുകകൾ (എ.സി.ആർ പ്രകാരമുള്ളത്) സുലേഖ ചെലവ് പത്രികയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. ആയത് പൊരുത്തപ്പെടുത്തേണ്ടതാണ്.

വികസന ഫണ്ട് ജനറൽ, എസ്.സി.പി, ടി.എസ്.പി വിഭാഗത്തിൽ 75 ശതമാനത്തോളം ചെലവ് കാണുന്നുണ്ടെങ്കിലും ആയത് വിവിധ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറിയ ഇനത്തിലുള്ളതാണ്. ഉദാഹരണത്തിന് സെക്രട്ടറി തൻവർഷം നടപ്പാക്കിയ 15 പദ്ധതികളിൽ 10 എണ്ണവും വിഹിതം നൽകൽ പ്രോജക്ടുകളാണ്. പഞ്ചിംഗ് മെഷീൻ, സോളാർ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിന് തുക വകയിരുത്തിയെങ്കിലും ഓഡിറ്റ് വർഷം പ്രോജക്ട് നടപ്പാക്കിയിട്ടില്ല. സെക്രട്ടറിയുടെ പദ്ധതി നിർവഹണത്തിന് ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചിട്ടില്ല. ഓഡിറ്റ് വർഷം നൂതന പ്രോജക്ടുകൾ ഒന്നും തന്നെ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

എ)ചെലവ് ശതമാനം വർദ്ധിപ്പിക്കുന്നതിന് വിഹിതം നൽകൽ പ്രോജക്ടുകൾ കൂടുതൽ നടപ്പാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.
ബി)ഓരോ മേഖലയിലും അതാത് പ്രദേശത്തെ ജനങ്ങളുടെ വികസനത്തിന് പര്യാപ്തമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതും അതുവഴി പദ്ധതിപണം ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.
സി) പൂർണ്ണ തോതിലുള്ള ഗ്രാന്റ് വിനിയോഗത്തിന് മോണിട്ടറിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 118 | 11,46,20,655 | 91 | 5,72,41,276 | 82 | 9 | 27 | 69.49 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | തൻവർഷ വരവ്(₹) | ആകെ വരവ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 27,467 | 73,698 | 1,01,166 | 87,618 | 13,548 |

MGNREGS കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ആണ് മുകളിൽ ചേർത്തിട്ടുള്ളത്. മേൽ കണക്കുകൾ വാർഷികധനകാര്യപത്രികയിൽ ചേർക്കപ്പെട്ടിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.06.2023 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന

നടത്തിയ തീയതിയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന പരാമർശങ്ങളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

1) മരാമത്ത് നിർമ്മാണ പ്രവർത്തികൾ നടപ്പാക്കുമ്പോൾ പൂർത്തികരണ കാലാവധിക്കുള്ളിൽ പൂർത്തികരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2)കുടിവെള്ള പദ്ധതികൾ യഥാസമയം തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3)മരാമത്ത് പ്രവർത്തികളിൽ ഒരു പ്രവൃത്തികൾക്കായി വിവിധ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്നുണ്ട്. ഉദാ- സി എച്ച് സി നവീകരണം, പകൽവീട് നവീകരണം, റോഡ് നിർമ്മാണ പ്രവൃത്തികൾ, തോടുകളുടെ സൈഡ് കെട്ട് തുടങ്ങിയവ. ഒരു പ്രവൃത്തികൾക്കായി വിവിധ പ്രോജക്ടുകൾ തയ്യാറാക്കുന്ന നടപടി പുന:പരിശോധിക്കേണ്ടതാണ്. കൂടാതെ 5 ലക്ഷം രൂപ അടങ്കലിൽ കൂടുതലുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി ശ്രദ്ധിക്കേണ്ടതാണ്.

4)റോഡ് നിർമ്മാണ പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്നില്ല. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുള്ള 6 മീറ്റർ കുറയാതെ വീതിയുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് അനുമതിയുണ്ട്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതം വേണം. കൂടാതെ PMAY യ്ക്കു വകയിരുത്തേണ്ട മുഴുവൻ തുകയും വകയിരുത്തിയെന്ന സെക്രട്ടറിയുടെ സാക്ഷ്യപത്രം ആവശ്യമാണ്.

5) വിവിധ പ്രോജക്ടുകൾക്കായി വളരെയധികം തുകകൾ വകയിരുത്തിയിട്ടുണ്ടെങ്കിലും വളരെകുറച്ച് തുകകൾ മാത്രമാണ് പ്രസ്തുത പ്രോജക്ടുകൾക്കായി ചെലവഴിച്ചിട്ടുള്ളത്.

6) അഡ്വാൻസ് രജിസ്റ്റർ സ്ഥാപനത്തിൽ പരിപാലിക്കുന്നില്ല. ഡെപോസിറ്റ് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും ബാലൻസ് ഷീറ്റിലെ ബി-7 ൽ രേഖപ്പെടുത്തിയിട്ടുള്ള എല്ലാ ഡെപ്പോസിറ്റുകളുടെയും വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

7)2002-2003 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 07.05.2023- 18.05.2023 | 2022-23 | ലഭിച്ചിട്ടില്ല |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.5.2022-25.05.2022 | 2017-18 മുതൽ 2021-22 വരെ | 04.07.2022 |

## 1-11 തനത് ഫണ്ട്

തനത് ഫണ്ട് ബാലൻസ് തുക ബാങ്ക് അക്കൌണ്ട് ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല. അതായത് B7ഷെഡ്യൂൾ പ്രകാരം Deposits Received – ₹10,14,692/- യും, B8 ഷെഡ്യൂൾ പ്രകാരം Other Liabilities ₹11,56,638/- ഉൾപ്പെടെ ആകെ തുക ₹21,71,330/- ലെഡ്ജർ പ്രകാരം നീക്കിയിരിപ്പുണ്ട്. എന്നാൽ തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് ബാലൻസ് തുക ₹17,79,000/-യാണ്. നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-12 പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളിലെ അപാകതകൾ

2022-23 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ആകെ 3 പ്രോജക്ടുകളാണ് നടത്തിയിരിക്കുന്നത്. പ്രസ്തുത പ്രോജക്ടുകളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I) എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 79/23 |
| പ്രോജക്റ്റിന്റെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | ₹36,00,000/- |
| ചെലവ് | ₹9,00,000/- |
| ബിൽ നമ്പർ/തീയതി | 09/22-23, 12.12.2022, ₹50000/-<br>11/22-23, 28.01.2023, ₹50000/-<br>13/22-23, 24.02.2023, ₹50000/-<br>14/22-23, 27.02.2023, ₹100000/-<br>15/22-23, 07.03.2023, ₹50000/-<br>16/22-23, 10.03.2023, ₹100000/-<br>18/22-23, 23.03.2023, ₹100000/-<br>19/22-23, 28.03.2023, ₹100000/-<br>20/22-23, 23.03.2023, ₹150000/-<br>21/22-23, 24.03.2023, ₹50000/-<br>23/22-23, 27.03.2023, ₹100000/- |

മേൽ പ്രോജക്റ്റ് പ്രകാരം 18 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി ₹50,000/- (ആദ്യ ഗഡു) വീതം നൽകിയിട്ടുണ്ട്. 28.05.2022 തീയതിയിലെ സ.ഉ.(കൈ)നം.115/2022/എൽ.എസ്.ജി.ഡി പ്രകാരം 800 ചതുരശ്ര അടിയിലധികരിക്കാത്ത നിലവിലുള്ള വീടിനോടു ചേർന്ന് പരമാവധി 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കാവുന്നതാണെന്ന് എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ധനസഹായം ലഭിച്ച വിദ്യാർത്ഥികളുടെ അപേക്ഷകൾ പരിശോധിച്ചതിൽ ചില വിദ്യാർത്ഥികളുടെ വീടിന്റെ വിസ്തീർണ്ണം 800 ചതുരശ്ര അടിയിലധികരിക്കുന്നതായി കണ്ടെത്തുകയുണ്ടായി. കൂടാതെ ഈ ഗുണഭോക്താക്കൾ തുക മുൻകൂർ കൈപ്പറ്റിയെങ്കിലും പ്രവൃത്തി തുടങ്ങിയതായോ, നിർമ്മാണപ്രവർത്തനത്തിനായി തുടർന്നുള്ള ഗഡു തുകകൾ കൈപ്പറ്റുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) ജിസ്ന ജയാനന്ദൻ, അമ്പലത്താഴത്ത് വീട്, പോഞ്ഞാശ്ശേരി എന്ന വിദ്യാർത്ഥിയുടെ അപേക്ഷയോടൊപ്പം സമർപ്പിച്ച ബിൽഡിംഗ് പെർമിറ്റ് (A3-BA(100642)/2023 തീയതി 14.03.2023), പ്ലാൻ എന്നിവയിലെ നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം 77.6 ച.മീറ്ററും (835.27 ചതുരശ്ര അടി), പഠനമുറിയ്ക്കായി പണിയാനുദ്ദേശിക്കുന്ന മുറിയുടെ വിസ്തീർണ്ണം 12.59 ച.മീറ്ററും (135.51 ചതുരശ്ര അടി) ആണ്. ടി വിദ്യാർത്ഥിയ്ക്ക് ബിൽ നമ്പർ 18 പ്രകാരം 23.03.2023 ൽ ₹50,000/- നൽകിയിട്ടുണ്ട്.

ബി) അദ്വൈത് എം.എസ്., മോതിരത്തറ വീട്, എരുമത്തല, കീഴ്മാട് എന്ന വിദ്യാർത്ഥിയുടെ അപേക്ഷയോടൊപ്പം സമർപ്പിച്ച ബിൽഡിംഗ് പെർമിറ്റ് (BA(116188)/2023 തീയതി 24.03.2023), പ്ലാൻ എന്നിവയിലെ നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം 95.6 ചതുരശ്ര മീറ്ററാണ് (1029.03 ചതുരശ്ര അടി). ടി വിദ്യാർത്ഥിയ്ക്ക് ബിൽ നമ്പർ 13 പ്രകാരം 24.02.2023 ൽ ₹50,000/- നൽകിയിട്ടുണ്ട്.

സി) അഭിജിത്ത്.സി.എ, ചാമാരികടി വീട്, ചെമ്പറക്കി എന്ന വിദ്യാർത്ഥിയുടെ അപേക്ഷയോടൊപ്പം സമർപ്പിച്ച ബിൽഡിംഗ് പെർമിറ്റ് (BA(157919)/2023 തീയതി 05.05.2023), പ്ലാൻ എന്നിവയിൽ പഠനമുറിയ്ക്കായി പണിയാനുദ്ദേശിക്കുന്ന മുറിയുടെ വിസ്തീർണ്ണം 12.01 ചതുരശ്ര മീറ്ററാണ് (129.27 ചതുരശ്ര അടി). ടി വിദ്യാർത്ഥിയ്ക്ക് ബിൽ നമ്പർ 20 പ്രകാരം 25.03.2023 ൽ ₹50,000/- നൽകിയിട്ടുണ്ട്.

II) 2022-23 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ നടത്തിയിട്ടുള്ള 2 പ്രോജക്റ്റുകളിൽ അടങ്കൽ തുകയുടെ വളരെ കുറവ് തുക മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റിന്റെ നം/ പേര് | അടങ്കൽ തുക(₹) | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 79/23, എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി | 36,00,000 | 9,00,000 | 18 |
| 2 | 95/23, എസ്.സി വീടുകളുടെ അടുക്കള നവീകരണം | 26,00,000 | 5,70,000 | 19 |

ഏറ്റെടുക്കുന്ന പ്രോജക്റ്റുകൾ സമയബന്ധിതമായ തീർക്കുവാനും വകയിരുത്തിയ തുകകൾ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ഉതകുന്നവിധം ചെലവഴിച്ച് പ്രോജക്റ്റ് ലക്ഷ്യപ്രാപ്തിയിലെത്തിക്കാനും

ഭരണസമിതിയും, നിർവ്വഹണോദ്യാഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 24.06.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.8 ലഭ്യമാക്കിയതിൽ ജിസ്ന ജയാനന്ദൻ, അദ്വൈത് എം.എസ്. എന്നിവർ സമർപ്പിച്ച വീടിന്റെ വിസ്തീർണ്ണം സംബന്ധിച്ച പഞ്ചായത്തിൽ നിന്നുള്ള സാക്ഷ്യപത്രത്തിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം യഥാക്രമം 65 ച.മീ., 70 ച.മീ. എന്നിവയാണ്. ഒന്നാമത്തെ ഗഡു അനുവദിച്ചതിന് ശേഷമാണ് ബിൽഡിംഗ് പെർമിറ്റ് ലഭ്യമാക്കിയത് എന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. പട്ടികജാതി വികസന ഓഫീസർ ലഭ്യമാക്കിയ മറുപടി പരിഗണിച്ച് വസ്തുതപരമായവ ഒഴിവാക്കിയിട്ടുണ്ട്.

കെട്ടിടത്തിന്റെ വിസ്തീർണ്ണം പഞ്ചായത്തിൽ നിന്നുള്ള സാക്ഷ്യപത്രത്തിലും, ബിൽഡിംഗ് പെർമിറ്റിലും വ്യത്യസ്തമാണെന്ന മറുപടി അംഗീകരിക്കാനാവുന്നതല്ല. ആയതിനാൽ ടി കെട്ടിടത്തിന്റെ നിലവിലുണ്ടായിരുന്ന വിസ്തീർണ്ണം പഞ്ചായത്തിൽ നിന്നുള്ള സാക്ഷ്യപത്രത്തിലും ബിൽഡിംഗ് പെർമിറ്റിലും വ്യത്യാസം വരാനുണ്ടായ സാഹചര്യം സംബന്ധിച്ച് അന്വേഷണം നടത്തേണ്ടതും ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അതുവരെ ₹1,00,000/- (₹50,000/- വീതം 2 പേർക്ക്) യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-13 സ്മാർട്ട് അംഗൻവാടി പ്രോജക്റ്റ് – അപാകതകൾ

| പ്രോജക്റ്റ് നമ്പർ | 98/23 | 130/23 |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിലെ വെങ്ങോല, വാഴക്കുളം, കിഴക്കമ്പലം ഗ്രാമപഞ്ചായത്തുകളിലെ വിവിധ അംഗൻവാടികൾ സ്മാർട്ട് അംഗൻവാടിയാക്കൽ | |
| അടങ്കൽ | ₹19,00,000/- | ₹19,00,000/- |
| ചെലവ് | ഇല്ല | ഇല്ല |
| നിർവ്വഹണോദ്യോഗസ്ഥൻ | ശിശു വികസന പ്രോജക്റ്റ് ഓഫീസർ | ശിശു വികസന പ്രോജക്റ്റ് ഓഫീസർ (അഡീഷണൽ) |

2022-23 സാമ്പത്തിക വർഷത്തിൽ വിവിധ അംഗൻവാടികൾ പരിഷ്കരിച്ച് സ്മാർട്ട് അംഗൻവാടിയാക്കൽ പ്രോജക്റ്റിനായി ₹19,00,000/- വീതം 2 പ്രോജക്റ്റായി നടത്തുവാൻ വകയിരുത്തിയിരുന്നു. ഇതിൽ ശിശു വികസന പ്രോജക്റ്റ് ഓഫീസർ (അഡീഷണൽ) നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്റ്റ് നമ്പർ 130/23 ന്റെ ഫയലുകൾ പരിശോധിച്ചതിൽ 10.10.2022 തീയതിയിലെ ബ്ലോക്ക് കമ്മിറ്റി തീരുമാനപ്രകാരം പ്രസ്തുത പ്രോജക്റ്റിനായി 34 അംഗൻവാടികളെ തെരെഞ്ഞെടുത്തിരുന്നു. ടി പ്രോജക്റ്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് 07.03.2023 തീയതിയിൽ KADCO യുമായി കരാറിലേർപ്പെട്ടിരുന്നു. എന്നാൽ നടപ്പ് സാമ്പത്തിക വർഷം ടി പ്രോജക്റ്റിനായി ചെലവുകൾ ഒന്നും അതായത് അഡ്വാൻസ് തുക ഉൾപ്പെടെ ചെലവഴിച്ചിട്ടില്ല എന്ന് ഫയലുകൾ പരിശോധിച്ചതിൽ കാണുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെല്ലാം ഈ പദ്ധതി നടപ്പാക്കാമെന്നതിനാൽ ഇതര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ഈ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഈ ബ്ലോക്ക് പഞ്ചായത്തിൽ അംഗൻവാടികളെ സ്മാർട്ട് അംഗൻവാടിയാക്കുന്നതിനായി തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങളും പ്രോജക്റ്റിനായി നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 26.06.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12) മറുപടി ലഭ്യമാക്കിയില്ല.

സ്മാർട്ട് അംഗൻവാടിയാക്കൽ പ്രോജക്റ്റിനായി ₹19,00,000/- വീതം 2 പ്രോജക്റ്റായി നടത്തുവാൻ വകയിരുത്തുകയും എന്നാൽ നടപ്പ് സാമ്പത്തിക വർഷം അതിനായി യാതൊരു പ്രവർത്തനങ്ങളും നടത്താതിരിക്കുകയും ചെയ്തത് ന്യായീകരിക്കാനാവുന്നതല്ല. ഭാവിയിൽ പ്രോജക്റ്റുകൾ ഏറ്റെടുത്ത് നടത്തുമ്പോൾ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ഭരണസമിതിയും, നിർവ്വഹണോദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്. ഈ പദ്ധതിയ്ക്കായി ഇതര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന തുക ചെലവഴിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഈ ബ്ലോക്ക് പഞ്ചായത്തിൽ അംഗൻവാടികളെ സ്മാർട്ട് അംഗൻവാടിയാക്കുന്നതിനായി തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങളും പ്രോജക്റ്റിനായി നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -പ്രിന്റർ

ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 8/23<br>ബ്ലോക്ക്പഞ്ചായത്ത് ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ₹8,86,875/-<br>(മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്) |
| ചെലവ് | ₹7,95,866/-<br>1)BRN-22110463017200452534/24.08.22, ₹308251/-<br>2)BRN-22110463017200794531/19.11.22, ₹318325/-<br>3)BRN-22110463017200924256/17.12.22, ₹129250/-<br>4)BRN-22110463017201283510/03.03.23, ₹5000/-<br>5)BRN-22110463017201444761/23.03.23, ₹35040/- |

ബ്ലോക്ക് പഞ്ചായത്ത് ഘടകസ്ഥാപനങ്ങൾക്കാവശ്യമായ കമ്പ്യൂട്ടർ, അനുബന്ധഉപകരണങ്ങൾ എന്നിവ സി.പി.ആർ.സി.എസ്/ജെം മുഖേന വാങ്ങുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയത്. ലാപ്ടോപ്പ്, ഡസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ, യു.പി.എസ്, ഫോട്ടോസ്റ്റാറ്റ് മഷീൻ, ലേസർ പ്രിന്റർ, സ്കാനർ, മൾട്ടി ഫംഗ്ഷൻ പ്രിന്റർ എന്നിവ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്. പ്രസ്തുത ഉപകരണങ്ങളിൽ മൾട്ടി ഫംഗ്ഷൻ പ്രിന്റർ ഒഴികെ ബാക്കിയുള്ളവ ലഭ്യമായിട്ടുണ്ട്. പ്രിന്റർ സംബന്ധിച്ച അധിക വിവരങ്ങൾ താഴെ ചേർക്കുന്നു.

മൾട്ടി ഫംഗ്ഷൻ പ്രിന്റർ ₹35040/-

തുക നൽകിയ സ്ഥാപനം- കെൽട്രോൺ

പ്രഫോർമ ഇൻവോയ്സ് നം-TVM/ITBG/PI/RC/47763/22.03.23)

കെൽട്രോണിൽ നിന്നും പ്രിന്റർ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ ₹35040/- യുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-15 സി.എച്ച്.ആർ.ഡി ഹോസ്റ്റൽ നിർമ്മാണത്തിന് തുക കൈമാറൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട്നം, പേര് | 11/23<br>സി.എച്ച്.ആർ.ഡി. കില- ഹോസ്റ്റൽ നിർമ്മാണം<br>-തുക നൽകൽ |
| അടങ്കൽ | ₹3,00,000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹3,00,000/- (ബിൽ.നം-55 തീയതി-22.08.22) |
| നിർവഹണം | സെക്രട്ടറി |

KILA യുടെ റീജിയണൽ സെന്ററായ കൊട്ടാരക്കര CHRD സ്ഥിതി ചെയ്യുന്ന ഭൂമിയിൽ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് വിഹിതമായി തുക നല്കുന്നതിന് അനുമതി നല്കി തദ്ദേശസ്വയംഭരണവകുപ്പ് 27.12.19 ന് പുറപ്പെടുവിച്ച സ.ഉ(സാധാ)നം.2956/2019/തസ്വഭവ ഉത്തരവ് പ്രകാരം KILA യ്ക്ക് ₹3,00,000/- കൈമാറിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തടസ്സപ്പെടുത്തുന്നു. (എൻക്വയറി-1/21.06.23)

### 1-15-1 ഐ.കെ.എം വിഹിതം നല്കൽ

| | |
|---|---|
| പ്രൊജക്ട് നം., പേര് | 88/23, IKM ന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കൽ |
| അടങ്കൽ | ₹56826/- (വികസന ഫണ്ട്-ജനറൽ) |

| | | |
|---|---|---|
| ചെലവ് | ₹56826/- | BRN-22110463017200453806/24.08.22 |

സെക്രട്ടറി നിർവഹണം ചെയ്ത മേൽ പദ്ധതി പ്രകാരം തുക എ.കെ.എം ന് കൈമാറിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ₹56826/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 സെക്കണ്ടറി പാലിയേറ്റീവ് കെയർ പദ്ധതി (സി.എച്ച്.സി മലയിടംതുരുത്ത്)- ന്യൂനതകൾ

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 76/23, സെക്കണ്ടറി പാലിയേറ്റീവ് കെയർ,<br>സി.എച്ച്.സി. മലയിടംതുരുത്ത് |
| അടങ്കൽ | ₹1250000/-<br>₹1000000/- വികസനഫണ്ട്<br>₹250000/- മെയിന്റനൻസ് ഫണ്ട് നോൺറോഡ് |
| ചെലവ് | ₹1250000/-<br>₹1000000/- വികസനഫണ്ട്<br>₹250000/- മെയിന്റനൻസ് ഫണ്ട് നോൺറോഡ് |
| ബിൽ നം/തിയതി, തുക | 1)22110463017100127322/23.05.2022, ₹19558/-(വി.ഫ)<br>2)22110463017100196621/13.06.2022, ₹23341/-(വി.ഫ)<br>3)22110463017100309701/14.07.2022, ₹37878/-(വി.ഫ)<br>4)22110463017100428087/17.08.2022, ₹25422/-(വി.ഫ)<br>5)22110463017100518977/06.09.2022, ₹18270/-(വി.ഫ)<br>6)22110463017100658812/17.10.2022, ₹32065/-(വി.ഫ)<br>7)22110463017100909608/14.12.2022, ₹246253/-(വി.ഫ)<br>8)22110463017101060046/18.01.2023,₹108944/-(വി.ഫ)<br>9)22110463017101254058/25.02.2023, ₹389388/-(വി.ഫ)<br>10)22110463017101396026/18.03.2023,₹98140/-(വി.ഫ)<br>11)22110463017101396042/18.03.2023,₹202948/- (NR)<br>12)22110463017101549581/29.03.2023, ₹47052/-(NR)<br>13)221104630171012549568/29.03.2023, ₹741/-(വി.ഫ) |

A) മേൽ ക്രമ നം. 7-ാം ബിൽ പ്രകാരമുള്ള ചെലവ് തുകയിൽ മരുന്ന് വാങ്ങുന്നതിനായി ₹139003/-യും (പ്രോഫോർമ ഇൻവോയിസ് നം-PRF/2123/09.11.22) മേൽ ക്രമ നം. 9-ാം ബിൽ പ്രകാരമുള്ള ചെലവ് തുകയിൽ മരുന്ന് ലഭ്യമാക്കാനായി ₹141217/-യും (പ്രോഫോർമ ഇൻവോയിസ് നം-PRF/4011/30.01.23) KMSCL ന് കൈമാറിയെങ്കിലും മരുന്ന് ലഭ്യമായിട്ടില്ല.
മുൻകൂർ തുക നൽകിയിട്ടും മരുന്ന് ലഭ്യമാകാത്തതിനാൽ KMSCLന് നൽകിയ ₹280220/- (139003+141217) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

B)ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്ക് ക്രമ നം. 9-ാം ബിൽ പ്രകാരമുള്ള ചെലവ് തുകയിൽ നിന്ന് ₹139003/- ബയോമെഡ് കോർപ്പറേഷൻ, ആലുവ എന്ന സ്ഥാപനത്തിന് വികസനഫണ്ടിൽ നിന്ന് കൈമാറിയിട്ടുണ്ട്. ആശുപത്രിയിലെ ഫിസിയോതെറാപ്പി യൂണിറ്റിലേയ്ക്ക് ഹാൻഡ് എക്സൈസർ, ഹീറ്റിംഗ് പാഡ്, തെറാബാന്റ് സെറ്റ്, TENS-4 ചാനൽ, അൾട്രാസൗണ്ട് തെറാപ്പി സെറ്റ്, എന്നിവയുൾപ്പെടെ 8 തരം ഉപകരണങ്ങളാണ് ക്വട്ടേഷൻ മുഖേന ₹139003/- ചെലവഴിച്ച് ബയോമെഡിൽ നിന്നും വാങ്ങിയത്. ആശുപത്രിയിലെ ഒ.പി. വിഭാഗത്തിലേയ്ക്ക് തെറാപ്പി ഉപകരണങ്ങൾ ആവശ്യമുണ്ടെന്ന ഫിസിയോതെറാപിസ്റ്റിന്റെ അപേക്ഷ പ്രകാരമാണ് ആയവ ലഭ്യമാക്കിയത്. പാലിയേറ്റീവ് നഴ്സ് ഉപകരണങ്ങൾ ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ (പേജ്-37) അനുസരിച്ച് പ്രസ്തുത ഉപകരണങ്ങൾ പാലിയേറ്റീവ് നഴ്സിന് കൈമാറിയിട്ടുണ്ട്. TENS-4 ചാനൽ (Transcutaneous Electrical Nerve Stimulation) (വില-₹28000/-) എന്നത് Pain Relief ന് സഹായിക്കുന്ന ഉപകരണമാണ്. അൾട്രാസൌണ്ട് തെറാപ്പി യൂണിറ്റാവട്ടെ (വില-₹39200/-) ഫീൽഡ് പ്രവർത്തനങ്ങൾക്ക് യോജിച്ചതുമല്ല. ഇവ എപ്രകാരമാണ് പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി രോഗികൾക്ക് ഉപയോഗപ്രദമാകുന്നതെന്ന് വ്യക്തമല്ല. സബ്സിഡി മാർഗരേഖ (സ.ഉ(കൈ) നം-84/2022 /തസ്വഭവ, തീയതി-19.04.22, ഖണ്ഡിക-6.8.6 ആശുപത്രികളിൽ ഉപകരണങ്ങൾ വാങ്ങുന്നതിനും അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കുന്നതിനാണ് മുൻഗണന നൽകേണ്ടത്. എന്നാൽ ഇവിടെ പാലിയേറ്റീവ് ഫണ്ടിൽ നിന്നാണ് ചെലവ് നടത്തിട്ടുള്ളത്. മാത്രമല്ല പാലിയേറ്റീവ് മാർഗരേഖ (സ.ഉ (സാധാ)നം- 553/2019/തസ്വഭവ, തീയതി- 07.03.2019, ഖണ്ഡിക-2.4.3 പ്രകാരം പാലിയേറ്റീവ് രോഗികളുടെ പരിചരണത്തിനാവശ്യമായി

രേഖപ്പെടുത്തിയിട്ടുള്ള സാമഗ്രികൾ വാട്ടർ ബെഡ്, എയർബെഡ്, വീൽ ചെയർ, കമ്മോഡ് ചെയർ, എയർ കുഷ്യൻ മുതലായവയാണ്. എന്നാൽ മാർഗരേഖയിൽ നിഷ്കർഷിക്കാത്ത ഉപകരണങ്ങളാണ് പാലിയേറ്റീവ് ഫണ്ടുപയോഗിച്ച് വാങ്ങിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി നം-10/25.06.23 ന് വിശദീകരണം ലഭ്യമാക്കിയില്ല.

പ്രസ്തുത കാര്യത്തിൽ ആവശ്യമായ ക്രമപ്പെടുത്തൽ നടത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 മരുന്നുവാങ്ങൽ - അപാകതകൾ (മലയിടംതുരുത്ത് സി.എച്ച്.സി)

| | |
|---|---|
| പ്രോജക്ട് നം., പേര് | 43/23<br>മലയിടംതുരുത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേയ്ക്ക് മരുന്നുവാങ്ങൽ |
| ഫണ്ടിനം | സംരക്ഷണ ഗ്രാന്റ്- നോൺ റോഡ് |
| അടങ്കൽ /ചെലവ് | ₹954190/- |
| ബിൽ റഫറൻസ് നമ്പർ, തീയതി, തുക | 1)2211046301710030969 5/14.07.22 -₹14985/-<br>2)22110463017100428094/17.08.22- ₹281896/-<br>3)22110463017100808153/22.11.22- ₹45570/-<br>4)22110463017100909610/14.12.22- ₹3320/-<br>5)22110463017101060052/18.01.23- ₹128423/-<br>6)22110463017101254049/25.02.23- ₹201814/-<br>7)22110463017101396001/18.03.23- ₹129846/-<br>8)22110463017101549638/29.03.23- ₹148336/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി, മലയിടംതുരുത്ത് |

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെപ്പറയുന്നു.

എ)കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും താഴെ ചേർത്ത ഇൻവോയിസ് പ്രകാരമുള്ള മരുന്നുകൾ പൂർണമായി ലഭ്യമായിട്ടില്ല.

| ക്രമ.നം | പ്രൊഫോർമ ഇൻവോയിസ് നം, തീയതി | തുക (₹) | മരുന്ന് ലഭ്യമാക്കിയ തുക വിവരം (₹) | അവശേഷിക്കുന്ന തുക (₹) |
|---|---|---|---|---|
| 1 | PRF-743/21.07.22 | 281896 | 47651 | 234245 |
| 2 | PRF-3105/20.12.22 | 90418 | 84701 | 5717 |
| 3 | PRF-3985/28.01.23 | 80987 | 14784 | 66203 |
| 4 | PRF-4012/05.03.23 | 100000 | 0 | 100000 |
| | ആകെ | 553301 | 147136 | 406165 |

ബി) 18.03.23 ലെ ബിൽ പ്രകാരം ആകെ ₹129846/-യാണ് വിവിധ സ്ഥാപനങ്ങളിൽ നിന്നും മരുന്ന് വാങ്ങാനായി ചെലവഴിച്ചിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

| | |
|---|---|
| ₹100000/- | KMSCL, കൊല്ലം |
| ₹26452/- | KSDP, കലവൂർ |
| ₹3394/- | NEETI STORE, പെരുമ്പാവൂർ |

ഇവയിൽ KMSCL ഒഴികെയുള്ളവയിൽ നിന്നും മരുന്ന് ലഭിച്ചിട്ടുണ്ട്. KSDP യിൽ നിന്നും ലഭിച്ച മരുന്നിന്റെ (ടാക്സ് ഇൻവോയിസ്.നം-OMM/0427, തീയതി-23.02.23) തുക കൈമാറിയിട്ടുള്ളത് നീതി സ്റ്റോറിനാണ് എന്ന് ട്രഷറി ബിൽ പരിശോധിച്ചതിൽ വ്യക്തമായത്. സ്റ്റോറിന്റെ 57041450438-ാം നമ്പർ അക്കൗണ്ടിലേയ്ക്കാണ് ₹26452/- കൈമാറിയത്. പ്രസ്തുത തുക പിന്നീട് KSDP യ്ക്ക് ലഭ്യമായോ എന്നതും വ്യക്തമല്ല. KSDP യുടെ കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-5/23.06.23) മറുപടിയായി വിവരം നീതി സ്റ്റോറിനെ കത്ത് മുഖേന അറിയിച്ചിട്ടുണ്ടെന്നും തുക തിരികെ ലഭിക്കുന്ന മുറയ്ക്ക് കെ.എസ്.ഡി.പി. യ്ക്ക് നൽകി രസീത് ഹാജരാക്കുന്നതാണെന്നും മറുപടി ഓഡിറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

എന്നാൽ ₹26452/- കെ.എസ്.ഡി.പി. യ്ക്ക് ലഭ്യമായെന്നുള്ള കൈപ്പറ്റ് രസീതും KMSCL ൽ നിന്നും ₹406165/-യുടെ മരുന്നുകൾ ലഭ്യമായതിന്റെ ഇൻവോയിസും ലഭ്യമാക്കേണ്ടതാണ്. അതുവരെ ഇരു

സ്ഥാപനങ്ങൾക്കുമായി നൽകിയ ₹432617/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17-1 മരുന്ന് വാങ്ങൽ-വെങ്ങോല സി.എച്ച്.സി

| | |
|---|---|
| പ്രോജക്ട് നം, പേര് | 2/23, വെങ്ങോല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേയ്ക്ക് മരുന്നുവാങ്ങൽ |
| ഫണ്ടിനം | സംരക്ഷണ ഗ്രാന്റ്- നോൺ റോഡ് |
| അടങ്കൽ / ചെലവ് | ₹944850/- |
| ബിൽ റഫറൻസ് നമ്പർ, തീയതി, തുക | 1)2211046301750016963/04.06.22- ₹95760/-<br>2)22110463017500409134/08.08.22- ₹90961/-<br>3)22110463017500943020/22.12.22- ₹250000/-<br>4)22110463017501238447/24.02.23- ₹99209/-<br>5)22110463017501276007/02.03.23- ₹358920/-<br>6)22110463017501291018/04.03.23- ₹50000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി, വെങ്ങോല |

കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും താഴെ ചേർത്ത ഇൻവോയിസ് പ്രകാരമുള്ള മരുന്നുകൾ പൂർണമായി ലഭ്യമായിട്ടില്ല. (എൻക്വയറി- 11/25.06.23)

| ക്രമ. നം | പ്രൊഫോർമ ഇൻവോയിസ് നം,തീയതി | ട്രഷറി ബിൽ.നം | അനുവദിച്ച തുക (₹) | റിമാർക്സ് |
|---|---|---|---|---|
| 1 | PRF-1743, 19.10.22 | 943020/22.12.22 | 250000 | ₹119584/-യുടെ മരുന്നാണ് ഇതുവരെ ലഭിച്ചത്. ബാക്കി ₹130416/-യ്ക്കുള്ള മരുന്ന് ലഭ്യമാകുവാനുണ്ട് |
| 2 | PRF-4857, 28.02.23 | 276007/02.03.23 | 358920 | ₹45875/-യുടെ മരുന്നാണ് ലഭിച്ചത്. ബാക്കി ₹313045/-യ്ക്കുള്ള മരുന്ന് ലഭ്യമാകുവാനുണ്ട് |

KMSCL ൽ നിന്ന് അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമായതിന്റെ ഇൻവോയിസ് ഹാജരാക്കുന്നത് വരെ ₹443461/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 ഹെൽത്ത് ഗ്രാന്റ്- അപാകതകൾ

ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ആകെ ₹25,50,00/- 2022-23 വർഷം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി ലഭിച്ചിട്ടുണ്ട്. ACR പ്രകാരം (-) ₹4,06,144/- യാണ് ചെലവു തുകയായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ₹3,32,705/- കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ വികസന പ്രവർത്തനങ്ങൾക്കായി സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ടിനായി ചെലവഴിച്ച തുകയാണ്. ബാക്കി തുക ₹73,441/- അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണം ചെയ്ത പ്രോജക്ടിനായി (പ്രോജക്ട് നം 163/22-23)ചെലവഴിച്ച തുകയാണ്. അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണം ചെയ്ത പ്രോജക്ട് പ്രകാരം സിവിൽ വർക്ക് ഉൾപ്പെടെ 9 ലക്ഷം രൂപയായിരുന്നു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നവീകരണത്തിനായി വകയിരുത്തിയത്. ചെലവു തുകയുടെ വിശദാംശം പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (നം.13 തി 26.6.2023 ) സിവിൽ വർക്ക് നടത്തിയിട്ടില്ല എന്ന് അറിയിച്ചു. എന്നാൽ ഫർണ്ണിച്ചർ വാങ്ങുന്നതിനായാണ് തുക ₹73,441/- വകയിരുത്തിയത് എന്നും ഫർണ്ണിച്ചർ ലഭിച്ചെങ്കിലും തുക നല്കിയില്ല(അക്കൗണ്ടിലുണ്ട്) എന്നും അറിയിച്ചു. സിവിൽ വർക്ക് നടത്താതെ ഫർണിച്ചർ വാങ്ങിയതും നാളിതുവരെ തുക നല്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കിയില്ല. പ്രോജക്ട് സുതാര്യമായ രീതിയിൽ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ സി.എച്ച്.സി.യുടെ വികസനപ്രവർത്തനത്തിനും ഓക്സിജൻ പ്ലാന്റ് നിർമ്മാണത്തിനുമായി പ്ലാൻ ഫണ്ട്/മറ്റ് ഫണ്ടുകൾ വകയിരുത്തി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതി സ്പിൽ ഓവറായി തുടരുകയാണ് ചെയ്തുവരുന്നത്. പദ്ധതി ആവിഷ്കരിച്ച രീതിയിൽ പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-19 വെള്ളാരംകുഴി കുടിവെള്ള പദ്ധതി

വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിൽ 2022-23 വർഷം നടപ്പാക്കിയ വെള്ളാരംകുഴി SC കോളനി കുടിവെള്ള പദ്ധതി നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വെള്ളാരംകുഴി SC കോളനി കുടിവെള്ള പദ്ധതി (ഡിവിഷൻ 8) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |
| പ്രോജക്ടിന്റെ നം / വർഷം | 45/22-23 |
| അടങ്കൽ തുക / ഫണ്ട് | ₹67542/-, വികസന ഫണ്ട് (എസ് സി പി) |
| ചെലവ് തുക/ ബിൽ നം തിയതി | ₹67542/-, ബിൽ നം 281/തിയതി 13.3.2023 |
| എം ബുക്ക് നം | 1)VBP/904/2019-20 (2) VBP/506/20-21 |

വെള്ളാരംകുഴി SC കോളനി കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് 5.7.2019 ൽ 5 ലക്ഷം രൂപയ്ക്ക് സാങ്കേതിക അനുമതി ലഭിച്ച് ആറുമാസക്കാലയളവിനുള്ളിൽ പൂർത്തികരിക്കേണ്ട പദ്ധതിയാണിത്. ബോർവെൽ നിർമ്മാണം, വാട്ടർ ടാങ്ക്, പമ്പ് ഹൗസ് എന്നിവയുടെ നിർമ്മാണത്തിനാണ് തുക വകയിരുത്തിയിട്ടുള്ളത്. 2021-22 വർഷം വരെ പമ്പ് ഹൗസ് നിർമ്മാണത്തിനായി ₹4,07,658/- GST ഉൾപ്പെടെ കരാറുകാരന് നൽകിയിട്ടുണ്ട്. 2022-23 വർഷം ബോർവെൽ നിർമ്മിക്കുന്നതിനും മോട്ടോർ സ്ഥാപിക്കുന്നതിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതിയുടെ നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധിക്കപ്പെട്ടു.

1) സാങ്കേതികാനുമതി പ്രകാരം ആറു മാസത്തേയ്ക്കാണ് പ്രവൃത്തിയുടെ കാലാവധി. പദ്ധതി പൂർത്തികരിച്ചതിന്റെ വിശദാംശം ഫയലിൽ ഇല്ല. എന്നാൽ പദ്ധതി പൂർത്തികരിക്കുന്നതിനായി കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി ലഭിച്ചതായോ ദീർഘിപ്പിച്ച കാലയളവിനുള്ള ഫൈൻ ഈടാക്കിയതായോ വിശദാംശം ഫയലിൽ ഇല്ല.

2) ബോർവെൽ നിർമ്മിക്കുന്നതിനായി സ്വീകരിച്ച ക്വട്ടേഷനിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയിട്ടുള്ള ക്വട്ടേഷൻ പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള ഇനങ്ങൾക്കുള്ള തുകയും ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3) ഈ പ്രവൃത്തിയ്ക്കായി മോട്ടോർ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിശദാംശം ഫയലിൽ ഇല്ല. എസ്റ്റിമേറ്റിൽ സൂചിപ്പിച്ച പ്രകാരം 3 Pump Set വാങ്ങിയിട്ടില്ല. 1 Pump Set മാത്രമാണ് വാങ്ങിയിട്ടുള്ളത്.

4) പ്രവൃത്തി പൂർത്തികരിച്ച സാക്ഷ്യപത്രം, ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നല്കിയതിന്റെ വിശദാംശം തുടങ്ങിയവ ഫയലിൽ ഇല്ല.

5) ഇതര തദ്ദേശസ്ഥാപനങ്ങൾ മുഖേന ഈ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം/രേഖകൾ നൽകേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/തീ.23.6.23 ) മറുപടി ലഭ്യമാക്കിയതിൽ ദീർഘിപ്പിച്ച കാലയളവിനുള്ള ഫൈൻ ഈടാക്കുന്നതായും ഇതര തദ്ദേശസ്ഥാപനങ്ങൾ മുഖേന ഈ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം തുടർന്ന് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. അപാകതകൾ പരിഹരിക്കുന്നതുവരെ തൻവർഷത്തെ ₹67542/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 പങ്കിമല SC കോളനി കുടിവെള്ള പദ്ധതി -അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പങ്കിമല SC കോളനി കുടിവെള്ള പദ്ധതി ( ഡിവിഷൻ 7) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |
| പ്രോജക്ടിന്റെ നം / വർഷം | 46/22-23 |
| അടങ്കൽ തുക / ഫണ്ട് | ₹158623/- വികസന ഫണ്ട് (എസ് സി പി) |
| ചെലവ് തുക/ ബിൽ നം തിയതി | ₹131497/- ബിൽ നം 144/തീയതി 22.12.22 |
| എം ബുക്ക് നം | 1)VBP/657/2019-20 (2) VBP/183/22-22 |

പങ്കിമല SC കോളനിയിൽ വാട്ടർടാങ്ക്, പമ്പ് ഹൗസ്, പൈപ്പ് ലൈൻ എന്നിവ സ്ഥാപിക്കുന്നതിനായി 2019-20 വർഷം എകവർഷ പ്രോജക്ടായി അംഗീകാരം ലഭിച്ച പ്രോജക്ടാണിത്. ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധിക്കപ്പെട്ടു.

1) 2019-20 വർഷം തുടങ്ങിയ ഈ പ്രവൃത്തി നാളിതുവരെ പൂർത്തികരിച്ചിട്ടില്ല. പദ്ധതി പൂർത്തികരിക്കുന്നതിനായി കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി ലഭിച്ചതായോ ദീർഘിപ്പിച്ച

കാലയളവിനുള്ള ഫൈൻ ഈടാക്കിയതായോ വിശദാംശം ഫയലിൽ ഇല്ല.

2) ജല ലഭ്യതയ്ക്കായി ജല സ്രോതസ് വിദഗ്ദരെക്കൊണ്ട സാക്ഷ്യപ്പെടുത്തിയ വിശദാംശം ഫയലിൽ ഇല്ല.

3) കുടിവെള്ള പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച വിശദാംശം ഫയലിൽ ഇല്ല.

4) പ്രോജക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ള വിതരണ ലൈൻ, മോട്ടോർ സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ നടപ്പാക്കിയിട്ടില്ല.

5) പ്രവൃത്തി പൂർത്തികരിച്ച സാക്ഷ്യപത്രം, ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നല്കിയതിന്റെ വിശദാംശം തുടങ്ങിയവ ഫയലിൽ ഇല്ല.

6) ഇതര തദ്ദേശസ്ഥാപനങ്ങൾ മുഖേന ഈ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം/രേഖകൾ നൽകേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/തീ.23.6.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നതുവരെ നൽകിയ ₹131497/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 ടേക്ക് എ ബ്രേക്ക് പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ടേക്ക് എ ബ്രേക്ക് പദ്ധതി (ഡിവിഷൻ 10) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |
| പ്രോജക്ടിന്റെ നം./ വർഷം | 109/22-23 |
| അടങ്കൽ തുക / ഫണ്ട് | ₹7,05,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്, ₹10,00,000/- കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ് തുക/ ബിൽ നം. തിയതി | ₹7,05,000/- ബിൽ നം 240/തീയതി 2.3.2023 |
| കരാറുകാരൻ | എ എസ് ഷാജഹാൻ |

കേരള സർക്കാരിന്റെ ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് ചെമ്പറക്കി പൂക്കാട്ടുപടി റോഡിൽ നിന്നും 3 മീറ്റർ മാറി നിർമ്മിക്കുന്നതിനായി എക്സിക്യൂട്ടീവ് എൻജിനിയർ നിരത്ത് വിഭാഗം 04.11.2022ൽ അനുമതി നല്കിയിരുന്നു. അതിൻപ്രകാരം ശ്രീ എ.എസ്. ഷാജഹാൻ എന്ന കരാറുകാരൻ കരാർ ഏറ്റെടുക്കുകയും 26.02.2023ൽ പ്രവൃത്തി പൂർത്തികരിക്കുന്നതിന് കരാർ ഉടമ്പടി ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ നിർമ്മാണപ്രവൃത്തി പൂർത്തികരണ ഘട്ടത്തിൽ എത്തുകയോ കരാർ തീയതിയ്ക്ക് മുൻപ് പൂർത്തികരിക്കുകയോ ചെയ്തിട്ടില്ല. മാത്രമല്ല പൂർത്തികരിക്കുന്നതിന് കാലദൈർഘ്യം അനുവദിക്കുന്നതിന് അനുമതി അപേക്ഷിക്കുകയോ നിയമാനുസൃതമായ ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല. ഫയലിൽ സപ്ലിമെന്ററി എഗ്രിമെന്റ് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കിയത് എപ്രകാരമെന്ന് വ്യക്തതയില്ല. ഈ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/ തീ.24.6.2023) മറുപടിയായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി കൊണ്ടിരിക്കുന്നുവെന്ന് അറിയിച്ചിട്ടുള്ളതാണ്. കൂടാതെ ഈ നിർമ്മാണപ്രവർത്തിയ്ക്കായി കേന്ദ്രാവിഷ്കൃത ഫണ്ട് വകയിരുത്തിയിരുന്നെങ്കിലും തുക ചെലവഴിച്ചിട്ടില്ല.

പ്രവൃത്തി പൂർത്തികരിക്കുന്നതിന് കാലദൈർഘ്യം അനുവദിക്കുന്നത് സംബന്ധിച്ച് അനുമതി ലഭ്യമാക്കി, നിശ്ചിത ഫൈൻ ഈടാക്കി പ്രവൃത്തി പൂർത്തികരിക്കേണ്ടതാണ്. ടേക്ക് എ ബ്രേക്ക് പ്രോജക്ടിന് അംഗീകാരം ലഭ്യമാക്കിയതുപോലെ നടപ്പിലാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കുന്നത് വരെ ഈ നിർമ്മാണപ്രവൃത്തിക്കായി നൽകിയ ₹7,05,000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 റോഡ് നിർമ്മാണ പ്രവൃത്തിയിലെ അപാകതകൾ

റോഡ് നിർമ്മാണ പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്നില്ല. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുള്ള 6 മീറ്റർ കുറയാതെ വീതിയുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് അനുമതിയുണ്ട്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതം വേണം. കൂടാതെ PMAY യ്ക്കു വകയിരുത്തേണ്ട മുഴുവൻ തുകയും വകയിരുത്തിയെന്ന സെക്രട്ടറിയുടെ സാക്ഷ്യപത്രം ആവശ്യമാണ്.

എന്നാൽ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിൽ 12 റോഡ് നിർമ്മാണ പ്രവൃത്തികൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. അതിൽ 2 റോഡ് നിർമ്മാണ പ്രവൃത്തികൾ ഇറിഗേഷൻ വകുപ്പിന്റെ ആസ്തിയിൽ നടപ്പാക്കിയിട്ടുള്ള പ്രവൃത്തികളാണ്. മറ്റ് റോഡുകളുടെ വീതി സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 6 മീറ്റർ വീതിയുള്ളതായി കാണുന്നില്ല. കൂടാതെ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ

രേഖാമൂലമുള്ള സമ്മതം, PMAY യ്ക്ക് വകയിരുത്തേണ്ട മുഴുവൻ തുകയും വകയിരുത്തിയെന്ന സെക്രട്ടറിയുടെ സാക്ഷ്യപത്രം എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത ഗ്രാമപഞ്ചായത്തുകൾ ഈ പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടില്ലെന്ന് വ്യക്തമാക്കുന്ന രേഖകളും, ഈ പ്രവൃത്തികൾ സംയുക്ത പ്രോജക്ടായി നടപ്പാക്കാതിരുന്നതിന് വിശദീകരണവും ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15, തീ. 26.06.2023) മറുപടി ലഭ്യമാക്കിയില്ല. റോഡ് നിർമ്മാണ പ്രവൃത്തികൾ മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-23 | വാർഷിക ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. സാക്ഷ്യപത്രം അനുബന്ധം 1 ആയി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് (₹) | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര്, നം | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വാഴക്കുളം ഗ്രാമപഞ്ചായത്ത് | 0 | 70000 | ലൈഫ് PMAY ഭവന നിർമ്മാണം (G) (SO), 5/23 | 70000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2021-22 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

### 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല.

### 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23ാം-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3.7 | 2008-09 | -- | വനിതകൾക്ക് തൊഴിൽ പരിശീലനം | തടസ്സം തുടരുന്നു. |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 8,27,66,315 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 7,90,93,842 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 25,52,203 |

ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക (₹) | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-12 | 1,00,000 | ശ്രീമതി സിന്ധു.വി, പട്ടികജാതി വികസന ഓഫീസർ |
| 1-14 | 35,040 | ശ്രീമതി.സതി.കെ.വി, സെക്രട്ടറി |
| 1-15 | 3,00,000 | ശ്രീമതി.സതി.കെ.വി, സെക്രട്ടറി |
| 1-15-1 | 56,826 | ശ്രീമതി.സതി.കെ.വി, സെക്രട്ടറി |
| 1-16 | 2,80,220 | ഡോ.മോഹനചന്ദ്രൻ.എ.പി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മലയിടംതുരുത്ത് |
| 1-17 | 4,32,617 | ഡോ.മോഹനചന്ദ്രൻ.എ.പി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മലയിടംതുരുത്ത് |
| 1-17-1 | 4,43,461 | ഡോ.അനൂപ് എസ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വെങ്ങോല |
| 1-19 | 67,542 | ശ്രീ.മുഹ്സിൻ പി.എം., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-20 | 1,31,497 | ശ്രീ.മുഹ്സിൻ പി.എം., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-21 | 7,05,000 | ശ്രീ.മുഹ്സിൻ പി.എം., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 25,52,203 | |

ഡി) കേന്ദ്ര- സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല.

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല.

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിനുത്തരവാദികളായവരുടെ മേൽവിലാസങ്ങൾ

| നിർവ്വഹണോദ്യോഗസ്ഥന്റെ പേര് | ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി.സതി.കെ.വി | സെക്രട്ടറി,<br>ബ്ലോക്ക് പഞ്ചായത്ത് | കടലശ്ശേരി വീട്<br>ചെറ്റാരിക്കൽ<br>കൊരട്ടി സൌത്ത്<br>തൃശ്ശൂർ-680308 |
| ഡോ.അനൂപ് എസ് | മെഡിക്കൽ ഓഫീസർ<br>സി.എച്ച്. സി, വെങ്ങോല | ഫ്ലാറ്റ് നമ്പർ 8/187B,<br>ഗ്രേസ് റസിഡൻസ്<br>കരമോലപ്പീടിക<br>കോലഞ്ചേരി പി ഒ<br>682311 |
| ഡോ.മോഹനചന്ദ്രൻ.എ.പി | മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി,<br>മലയിടംതുരുത്ത് | ദേവദത്തം,<br>പ്രിൻസ് നഗർ,<br>തൃക്കാക്കര പി ഒ<br>682021 |
| ശ്രീമതി.സിന്ധു.വി | പട്ടിക ജാതി വികസന<br>ഓഫീസർ | പട്ടത്തിൽ വീട്,<br>കുട്ടൻപേരൂർ.പി.ഒ,<br>മാന്നാർ,<br>ആലപ്പുഴ |
| ശ്രീ.മുഹ്സിൻ പി.എം. | അസിസ്റ്റന്റ് എൻജിനീയർ | പനക്കൽ ഹൌസ്<br>വാരപ്പെട്ടി പി.ഒ<br>കോതമംഗലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2001-02 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി)1600/19 തീയതി 05.08.19 |
| 2003-04 | ,, ,, |
| 2009-10 | ,, ,, |
| 2010-11 | ,, ,, |
| 2015-16 | ,, ,, |
| 2016-17 | കെ.എസ്.എ -ഇകെഎം(ബി.പി)26/19,തീയതി 23.03.19 |
| 2017-18 | കെ.എസ്.എ-ഇകെഎം(ബി.പി)281/19,തീയതി 11.07.19 |
| 2018-19 | കെ.എസ്.എ-ഇകെഎം(ബി.പി)197/20, തീയതി 04.11.2020 |
| 2019-20 | കെ.എസ്.എ-ഇകെഎം(ബി.പി)368/22, തീയതി 23.06.2022 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം. (ബിപി)463/22 തീയതി 07.07.2022 |
| 2021-22 | കെ.എസ്.എ-ഇ.കെ.എം. (ബിപി)1933/22 തീയതി 28.12.2022 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 01/01 dated 31-05-2023 and submitted on 03-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Vazhakulam Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vazhakulam Block Panchayat for the year 2022-2023

Date: 04/09/2023

Joint Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Vazhakulam Block Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

4. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit. Ratios and Notes on Accounts.

2. Own fund balance amount shown in the balance sheet does not match with bank account opened for the own fund account
3. Classification of liability amount in the balance sheet not ensured .
4. Health grant amount does not match with balance amount of ACR.
5. Advace register and deposit registers are not maintained properly.

.

Joint Director
Kerala State Audit Department
District Audit Office, Ernakulam

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്